**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **04-02-2026 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി സീഡ്ഫാമിൽ നിലവിലുള്ള വിളകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മുണ്ടേരി സീഡ് ഫാമിൽ നിലവിലുള്ള വിളകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനികമായ രീതിയിലുള്ള വിളകൾ കൃഷി ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ തെങ്ങ്, കുരുമുളക്, ഫലവർഗ്ഗവിളകൾ, കവുങ്ങ് തുടങ്ങിയ വിളകളാണ് പ്രധാനമായും കൃഷിചെയ്തു വരുന്നത്. ഫാമിലെ പരമാവധി പ്രദേശം കൃഷി യോഗ്യമാക്കി വിവിധ തരത്തിലുള്ള പുതിയ ഇനം വിളകളായ റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, അബിയു, വിയറ്റ്നാം സൂപ്പർ ഏർലി പ്ലാവ്, ഡ്രാഗൺ ഫ്രൂട്ട്, മിറാക്കിൾ ഫ്രൂട്ട് എന്നിവയുടെ കൃഷിയും ഇവിടെ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഹൈബ്രീഡ് പച്ചക്കറി വിത്തുല്പാദനവും ഫാമിൽ നടന്നു വരുന്നുണ്ട്. ആധുനികരീതിയിലുള്ള കൃഷി രീതികളുടെ വിപുലീകരണവും നടന്നു വരുന്നു. |
| (ബി) | ഫാമിലെ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഫാമിൽ നിന്നുള്ള ചന്ദ്രക്കാരൻ മാവ്, ഒളോർ മാവ് ,ഗ്രാഫ്റ്റ് എന്നിവ 'കേരളഗ്രോ' ബ്രാൻഡിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിപണനം നടത്തി വരുന്നു. ഫാമിലെ നടീൽ വസ്തുക്കളും മൂല്യ വർദ്ധിത ഉല്പന്നങ്ങളും സെയിൽസ് കൗണ്ടർ മുഖേന വിതരണം ചെയ്യുന്നുണ്ട്. വെളിച്ചെണ്ണ,ഉരുക്കു വെളിച്ചെണ്ണ, ദന്തപാല ഓയിൽ, മാങ്ങ സ്ക്വാഷ്, മാങ്ങ ജ്യൂസ്, ഇളനീർ ജ്യൂസ്, വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിക്കുന്ന സോപ്പുകൾ, വറുത്ത എള്ള്, പപ്പായ കാൻഡി മുതലായവ വിപണനം ചെയ്തുവരുന്നുണ്ട്. കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക 'കേരളഗ്രോ' ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ